## പതിമൂന്നാം കേരള നിയമസഭ
### ഒന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1868 | 14.07.2011 - ൽ മറുപടിക്ക് |
|---|---|

**അന്യായ വില ഈടാക്കുന്ന മരുന്നു കമ്പനികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.എസ്. സുനിൽകുമാർ | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ | സംസ്ഥാനത്ത് അന്യായമായി അലോപ്പതി മരുന്നുകമ്പനികൾ മരുന്നുകൾക്ക് കൂടിയ വില ഈടാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി | മരുന്നുകളുടെ വില നിയന്ത്രിക്കേണ്ട നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയെ ഈ വിവരം അറിയിക്കാറുണ്ടോ; | ബി | ഉണ്ട്. |
| സി | അതോറിറ്റിയുടെ ഭാഗത്ത് നിന്ന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | സി | സ്വീകരിച്ചിട്ടുണ്ട്. അധികവില ഈടാക്കുന്ന മരുന്നു നിർമ്മാതാക്കൾക്കെതിരെ എൻ.പി.പി.എ. നിയമ നടപടികളും ശിക്ഷാനടപടികളും സ്വീകരിക്കുന്നുണ്ട്. ഇതു കൂടാതെ എൻ.പി.പി.എ. നോട്ടിഫൈ ചെയ്തിട്ടില്ലാത്ത ഏതെങ്കിലും മരുന്നോ അതിന്റെ കോമ്പിനേഷനുകളോ ഇതേ അളവുകളിലുള്ള മറ്റു കമ്പനിയിലുള്ള മരുന്നുകളെക്കാൾ അധികവില ഈടാക്കുന്നതായി ശ്രദ്ധയിൽ പെട്ടാൽ ഈ വിവരം എൻ.പി.പി.എ. യുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്താറുണ്ട്. ഇത്തരം നിർമ്മാതാക്കൾക്കെതിരെ എൻ.പി.പി.എ. വിശദീകരണങ്ങൾ ആവശ്യപ്പെട്ട് ഉചിതമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

| | | |
|---|---|---|
| ഡി) | ഇത്തരം കമ്പനികൾക്കെതിരെ എന്തെങ്കിലും ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | എൻ.പി.പി.എ. ഇത്തരം മരുന്നുകളുടെ നിർമ്മാതാക്കളിൽ നിന്നും അവർ ടി മരുന്നിന് അമിതമായി വില ഈടാക്കിയ പലിശയടക്കം മുഴുവൻ തുകയും ശിക്ഷണ നടപടിയായി സർക്കാരിലേയ്ക്ക് കണ്ടുകെട്ടുകയും തുടർന്ന് ഈ മരുന്ന് സീലിംഗ് പ്രൈസിന്റെ പരിധിക്കുള്ളിൽ തന്നെ വിൽപ്പന നടത്തുന്നതാണെന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നു. കൂടാതെ ഇത്തരം ഔഷധ നിർമ്മാതാക്കൾക്കെതിരെ നിയമ നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ